DESPATCHED On...11.3/2020

2/1/20

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001


ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic@kerala.nic.in


ഹർജി നമ്പർ **AP. 51*(2)/2019*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **90**/*എസ്.ഐ.സി-ജി 6/19*)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.രഞ്ജിത്ത് കെ.ആർ.,
T.C.16/1061,
ജഗതി, തിരുവനന്തപുരം. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
സർവ്വെ സൂപ്രണ്ട്, സർവ്വെയും ഭൂരേഖയും വകുപ്പ്,
സർവ്വെ ഡയറക്ടറുടെ കാര്യാലയം, വഴുതക്കാട്,
തിരുവനന്തപുരം.

2. അപ്പീൽ അധികാരി&
ഡെപ്യൂട്ടി ഡയക്ടർ, സർവ്വെയും ഭൂരേഖയും വകുപ്പ്,
സർവ്വെ ഡയറക്ടറുടെ കാര്യാലയം, വഴുതക്കാട്,
തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 31.10.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | - |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 16.11.2018 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 05.12.2018 |
| **കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി** | **02.01.2019** |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 03.01.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 20.09.2019 കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. രഞ്ചിത്ത്, 02.01.2019ന് സമർപ്പിച്ച അപ്പീൽ ഹർജി 03.01.2019ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No.51(2)/19/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന ഫയൽ നമ്പർ നമ്പർ എസ്സ്.1–7793/2015 പ്രകാരം സർവ്വെ ഡയറക്ടർ സ്വീകരിച്ച നടപടിയുടെ പകർപ്പാണെന്നും ആയത് നാളിതുവരെ ലഭിച്ചില്ലെന്നും ആയത് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 31.10.2018ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, സർവ്വെ എസ്സ്.1–7793/2015 ഫയലിന്മേൽ സർവ്വെ ഡയറക്ടർ എടുത്ത നടപടിയുടെ പകർപ്പ് നൽകണമെന്നും സർവ്വെ എസ്സ്.1–7793/2015 ടി ഫയലിന്മേൽ നടപടിയിൽ കാലതാമസം വരുത്തിയ ഉദ്യോഗസ്ഥന്റെ പേര്, തസ്തിക എന്നിവ നൽകണമെന്നും മേൽ നമ്പർ ഫയലിൽ 05.05.2015ലെ നോട്ടീസിന്മേൽ എടുത്ത നടപടിയുടെ പകർപ്പ് നൽകണമെന്നുമായി 3 ഇനങ്ങളിലായുള്ള വിവരങ്ങളാണ്. തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിന് 05.12.2018ന് നൽകിയ മറുപടിയിൽ ഹർജിക്കാരന്റെ അപേക്ഷയ്ക്ക് 23.11.2018ൽ ഒന്നാം എതിർകക്ഷി സമയബന്ധിതമായി മറുപടി നൽകിയിട്ടുള്ളതിനാൽ മറ്റു നടപടികളില്ലെന്നറിയിച്ച് അപ്പീൽ തീർപ്പാക്കിയെന്നുമാണ്.

4. രണ്ടാം എതിർകക്ഷി 29.04.2019ൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ അപേക്ഷയിൽ എസ്സ്.1–7793/2015 നമ്പർ ഫയലിന്മേൽ സർവ്വെ ഡയറക്ടർ സ്വീകരിച്ച നടപടിയുടെ വിവരങ്ങൾ അറിയുന്നതിനാണ് 1 മുതൽ 3 വരെ നമ്പരായി ആവശ്യപ്പെട്ടിരുന്നതെന്നും ആയതിന് 23.11.2018ന് ഒന്നാം എതിർകക്ഷി മറുപടി ലഭ്യമാക്കിയിരുന്നതും എന്നാൽ ടിയാന് വിവരങ്ങൾ ലഭ്യമായിട്ടില്ലെന്നു കാണിച്ച് സമർപ്പിച്ച അപ്പീൽ വിശദമായി പരിശോധിക്കുകയും ഹർജിക്കാരൻ നൽകിയ അതേ വിലാസത്തിൽ മറുപടി നൽകിയിട്ടുള്ള

തായി കാണുന്നുവെന്നും ടി വിവരം അറിയിച്ചു അപ്പീൽ തീർപ്പാക്കിയെന്നു മാണ്. കൂടാതെ മറുപടി ലഭ്യമായിട്ടില്ലെന്നു ടിയാൻ ആരോപിക്കുന്നത് അടി സ്ഥാന രഹിതമാണെന്നും ഹർജിക്കാരന് നൽകിയിട്ടുള്ള കത്തിന്റെ പകർപ്പും ഡെസ്പാച്ച് രജിസ്റ്ററിന്റെ പകർപ്പും ഉള്ളടക്കം ചെയ്യുന്നുവെന്നും മേൽ നമ്പർ ഫയലിന്മേൽ നടപടി നടന്നുവരുന്നതും റിപ്പോർട്ട് പൂർത്തിയാ യിട്ടില്ലെന്ന വിവരവുമാണ് അറിയിച്ചത്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും റിപ്പോർട്ടും പരിശോധി ച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേ ക്ഷയിൽ ഒരു വസ്തുവിനെ സംബന്ധിച്ച നൽകിയ പരാതിയുടെ പകർപ്പാണ് ടിയാൻ ആവശ്യപ്പെട്ടിരുന്നതെന്നും ആയത് നാളിതുവരെ ലഭി ച്ചിട്ടില്ലെന്നും ടിയാൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, 31.10.2018ലെ അപേ ക്ഷയ്ക്ക് 23.11.2018ൽ മറുപടി നൽകിയിട്ടുണ്ടെന്നും ആയത് ഹർജിക്കാരന് ലഭിച്ചില്ല എന്നറിയിച്ച സാഹചര്യത്തിൽ ഡെസ്പാച്ച് രജിസ്റ്ററിന്റെ പകർപ്പ് കമ്മീഷനിൽ ഹാജരാക്കി ബോധ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജിയിൽ മേൽ നടപടി ആവശ്യമില്ലെന്നു വിലയിരുത്തി ഇന്നേദിവസം 2020 ജനുവരി 02-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/